പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 449 15.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീമതിഷാനിമോൾ ഉസ്മാൻ
ശ്രീ.വി.ഡി.സതീശൻ
" റോജി എം. ജോൺ

**മറുപടി**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ സാമൂഹ്യ പ്രതിബദ്ധതയുള്ളതും സാമ്പത്തികമായി സ്വയം പര്യാപ്തവുമായ സ്ഥാപനമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മൂന്ന് മേഖലകളാക്കി മാറ്റിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് പ്രസ്തുത ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് എത്രമാത്രം പ്രയോജനപ്രദമായെന്ന് വ്യക്തമാക്കുമോ; | (ബി) | സ്വയം പര്യാപ്തവും മൽസര ബുദ്ധിയോടുകൂടി പ്രവർത്തിക്കുന്ന മൂന്ന് ലാഭകേന്ദ്രങ്ങളാണ് മേഖലാവത്ക്കരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഓരോ മേഖലയേയും ഓരോ ലാഭ കേന്ദ്രമാക്കി മാറ്റുവാനും മത്സരാധിഷ്ഠിതമായി സർവ്വീസ് ഓപ്പറേഷൻ നടത്തുവാനുമാണ് മേഖലാവത്ക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്കുള്ള നടപടികൾ ത്വരിത ഗതിയിലാണ്. ഇതിലൂടെ പൊതുജനങ്ങൾക്കും, യാത്രക്കാർക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകുവാൻ കഴിയും. അതിലൂടെ കൂടുതൽ വരുമാനം നേടാനാകുമെന്നും പ്രതീക്ഷിക്കുന്നു. നഷ്ടത്തിൽ ഓടിക്കൊണ്ടിരുന്ന സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ ക്രമീകരിക്കുന്നതിനും, മാനവ വിഭവശേഷി പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുന്ന തരത്തിൽ ക്രമീകരിക്കുന്നതിനും മേഖലാവത്കരണം സഹായിച്ചിട്ടുണ്ട്. കൂടാതെ, അച്ചടക്ക നടപടികൾ കൈക്കൊള്ളുവാനുള്ള അധികാരവും മേഖലാ ഓഫീസർമാരിൽ നിക്ഷിപ്തമാക്കിയതുമൂലം അച്ചടക്ക നടപടികളിലെ കാലതാമസം ഒഴിവാക്കുവാനും സാധിക്കും. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇത് ഗ്രാമീണ മേഖലയിലെ പല ഷെഡ്യൂളുകളും വെട്ടിക്കുറയ്ക്കുന്ന എന്ന പരാതിക്ക് ഇടയാക്കിയിട്ടില്ലേ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്.<br>യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായിട്ടുള്ള ഒരു സർവ്വീസുകളും കെ.എസ്.ആർ.ടി.സി. വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ യാത്രക്കാർ തീരെ കുറവുള്ളതും പ്രവർത്തന ചെലവിനുപോലും വരുമാനം ലഭിക്കാത്തതുമായ ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ടെങ്കിലും യാത്രക്കാർക്ക് ഗുണകരമാകുന്ന പ്രധാന ട്രിപ്പുകൾ മറ്റ് സർവ്വീസുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ഇ) | ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേണിൽ എന്ത് പരിഷ്കാരമാണ് നടപ്പിലാക്കിയത്; ഇതുമൂലമുണ്ടായ നേട്ടം എന്താണെന്ന് വിശദമാക്കാമോ; | (ഇ) | കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുണ്ടായിരുന്ന ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ആയത് മൂലം ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ, പകൽ സമയം ബസ്സുകൾ അറ്റകുറ്റപണികൾക്കായി പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകൾ എങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓഫീസർമാരുടെയും, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയുണ്ടായി. ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ആയിരുന്നത്, 16.08.2017 തീയതി മുതൽ രാവിലെ 9:30 മണി മുതൽ വൈകുന്നേരം 5:30 മണി വരെ ആയി നിജപ്പെടുത്തിയിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യൂണിറ്റ് ഓഫീസർ, ഡിപ്പോ എഞ്ചിനീയർ, ചീഫ് സ്റ്റോറിലെയും സ്റ്റേഷനറി സ്റ്റോറിലെയും ഓഫീസർമാർ, ജീവനക്കാർ, കൂടാതെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന സിവിൽ വിഭാഗത്തിലെ ഓഫീസർമാർ, ജീവനക്കാർ എന്നിവർക്ക് രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസമാക്കുകയും ചെയ്തു. കൂടാതെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലി സമയം ക്രമീകരിക്കുന്നതിന്റെ ഭാഗമായി ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ, എന്നിവരുടെ ഡ്യൂട്ടി സമയം രാവിലെ 5 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെയായി പുനഃക്രമീകരിക്കുകയും, ടി സമയക്രമത്തിൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് 2 മണിക്കൂർ വിശ്രമം അനുവദിക്കുകയും, എന്നാൽ ഫസ്റ്റ് സ്പെല്ലിൽ ആരംഭിക്കുന്ന സർവ്വീസുകൾ മുഴുവനും ഓപ്പറേറ്റ് ചെയ്യുന്നതിനായി രാവിലെ 5 മണി മുതൽ 8 മണി വരെ നിർബന്ധമായും ടി ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ ഉണ്ടായിരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തു. ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേണിൽ കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ മാറ്റങ്ങൾ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പു വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. |
| (എഫ്) | കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എഫ്) | ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തന മികവ് വിലയിരുത്തുകയും ചെയ്തുവരുന്നു. ബസിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക് ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടിക്രമം നടപ്പിലാക്കി വരുന്നു. വർക്ക് ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രൊഫ. സുശീൽ |

| | | | |
|---|---|---|---|
| | | | ഖന്ന, ശ്രീ. ഹനുമന്ത റാവു എന്നിവരുടെ നേതൃത്വത്തിൽ മെക്കാനിക്കൽ വിഭാഗം സീനിയർ ഉദ്യോഗസ്ഥരുടെയും, വർക്ക്ഷോപ്പ് മേധാവികളുടെയും നാല് ദിവസത്തെ ശിൽപശാല നടത്തിയിരുന്നു. വർക് നോംസ് പരിഷ്കരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും, വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തി, അവരുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്മേൽ, അംഗീകൃത സംഘടനകളുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നിലവിലെ കടുത്ത സാമ്പത്തിക പരാധീനത മൂലം ആധുനികവത്ക്കരണ പദ്ധതികൾ മന്ദഗതിയിലാണ് നടപ്പാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**